(സി) മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മൊത്തത്തിലുള്ള അവലോകനം അവസാനമായി നടന്നത് 2013 മേയ് 9 നാണ്. പദ്ധതികൾ പ്രത്യേകമായും അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും തുടർച്ചയായി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വികസന പദ്ധതികളിലെ തീരദേശ ജലപാത, മാലിന്യപരിപാലനം, നൈപുണ്യ വികസനവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും ഇ-ഗവേണൻസ്, നോളജ്സിറ്റി എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾക്കായി യഥാക്രമം 1166 ലക്ഷം, 5098 ലക്ഷം , 23498 ലക്ഷം, 2993 ലക്ഷം, ഒരു ലക്ഷം എന്നിങ്ങനെ 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

(ഇ) പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

സ്വാതന്ത്ര്യ സമര പെൻഷൻ

17 (1720) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യ സേനാനി, നോമിനിയെ ചേർക്കാതെ മരണമടഞ്ഞാൽ അവകാശികൾക്ക് തുടർ പെൻഷൻ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) അവകാശ സർട്ടിഫിക്കറ്റ്, മറ്റ് രേഖകൾ എന്നിവ ഹാജരാക്കുന്നതിന് കാലതാമസമുണ്ടായാൽ തുടർപെൻഷൻ അനുവദിക്കുമ്പോൾ മുൻകാല പ്രാബല്യം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മുൻകാല പ്രാബല്യത്തോടെ തുടർപെൻഷൻ ലഭിക്കണമെന്നാവശ്യപ്പെട്ട് ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേന്ദ്രസ്വാതന്ത്ര്യ സമര സേനാനി പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ അനന്തരാവകാശികളെ നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ 6-8-2014 ലെ കേന്ദ്ര സർക്കാരിന്റെ റിവൈസ്ഡ് പോളിസി ഗൈഡ്ലൈൻസിലെ അനെക്സർ V-ൽ നിർദ്ദേശിച്ചിരിക്കുന്ന രേഖകളോടു കൂടി 6 മാസത്തിനകം ജില്ലാ മജിസ്ട്രേറ്റിന് അപേക്ഷ നൽകണം. അപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ജില്ലാ മജിസ്ട്രേറ്റ് ശിപാർശ ചെയ്യുന്ന മുറയ്ക്ക് വിതരണ ബാങ്ക് പെൻഷൻ വിതരണത്തിനുള്ള നടപടികൾ സ്വീകരിക്കും. 6 മാസത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ ബാങ്കുകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

996/2018

LIBRARY ARCHIVES Kerala Legislative Assembly

കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷനറുടെ പെൻഷൻ പേമെന്റ് ഓർഡറിൽ ഭാര്യയുടെ പേര് നാമനിർദ്ദേശം ചെയ്തിട്ടുണ്ടെങ്കിൽ പെൻഷണർ മരണമടഞ്ഞതിന് തൊട്ടടുത്ത ദിവസം മുതൽ പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷനായുള്ള അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതി മുതലായിരിക്കും പെൻഷൻ ലഭിക്കുന്നതിനുള്ള അർഹത.

(ബി&സി) നിലവിലെ നിയമമനുസരിച്ച് നാമനിർദ്ദേശം ചെയ്തിട്ടില്ലായെങ്കിൽ പെൻഷന് വേണ്ട അവകാശവാദം തെളിയിക്കുന്ന എല്ലാ രേഖകളും സഹിതം സാധുതയുള്ള അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ മാത്രമാണ് തുടർപെൻഷൻ അനുവദിക്കുന്നത്. ഇതിന് മുൻകാല പ്രാബല്യം ലഭിക്കില്ല.

ജനസമ്പർക്ക പരിപാടികൾ വഴി ലഭിച്ച അപേക്ഷകൾ

18 (1721) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ ജനസമ്പർക്ക പരിപാടികൾവഴി ലഭിച്ച അപേക്ഷകളിലൂടെ എത്ര ഫയലുകൾ ഉത്ഭവിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ ഇതിനകം എത്ര ഫയലുകളിൽ തീർപ്പ് കൽപ്പിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആകെ 1247792 ഫയലുകൾ ഉത്ഭവിച്ചിട്ടുണ്ട്.

(ബി) 980912 ഫയലുകളിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്.

മന്ത്രിമാരുടെ വിമാന യാത്രാ ചെലവ്

19 (1722) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി ഉൾപ്പെടെയുള്ള ഈ മന്ത്രിസഭയിലെ അംഗങ്ങൾ നടത്തിയ വിദേശ വിമാനയാത്രകൾ എത്രയാണ് ;

(ബി) ഓരോരുത്തർക്കും ചെലവായ സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഇന്ത്യയ്ക്കകത്ത് വിമാന യാത്ര നടത്തിയതിന് മുഖ്യമന്ത്രിയും മന്ത്രിമാരും ചെലവഴിച്ച സംഖ്യ എത്രയാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly